മത്സ്യഫെഡിലെ ഇൻഷ്വറൻസ് പദ്ധതി

110 (2389) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിലെ കെട്ടിടങ്ങൾ, വാഹനങ്ങൾ, ഓഫീസ് ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ തുടങ്ങിയവയുടെ ഇൻഷ്വറൻസിനായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ചെലവഴിച്ചിട്ടുള്ള സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രതിവർഷം പ്രസ്തുത ഇനങ്ങൾ ഓരോന്നും എന്തു തുകയ്ക്ക് ഇൻഷർ ചെയ്തുവെന്നും എന്തുതുക വീതം ഏതെല്ലാം കമ്പനികൾക്ക് പ്രീമിയം നൽകിയെന്നും അറിയിക്കാമോ ;

(സി) ഇൻഷ്വറൻസ് ഇനത്തിൽ ഏതെങ്കിലും ഇനത്തിന് തുക ലഭിച്ചിട്ടുണ്ടോയെന്നും, തുക ലഭിച്ചിട്ടുണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ ;

(ഡി) തുക ലഭിച്ചിട്ടുണ്ടോയെന്നും മത്സ്യഫെഡിലെ ഭരണസമിതി അംഗങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ഇ) ഭരണസമിതി അംഗങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം തുക ആരാണ് അടച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(എഫ്) ഓരോ ഭരണസമിതി അംഗത്തിനും നാളിതുവരെ എന്തുതുക ഇൻഷ്വറൻസ് പ്രീമിയമായി അടച്ചിട്ടുണ്ടെന്നും, ഇൻഷ്വറൻസ് ഇനത്തിൽ ആർക്കെങ്കിലും തുക ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയെന്നും അറിയിക്കാമോ ;

(ജി) നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് മത്സ്യഫെഡ് ഭരണസമിതി അംഗങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ഹാജരാക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്†.

(ബി) ഇതുസംബന്ധിച്ച വിവരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്†.

(സി) 23,830 രൂപ ക്ലെയിമായി ലഭിച്ചിട്ടുണ്ട്.

(ഡി) നടപ്പാക്കിയിട്ടുണ്ട്.

(ഇ) മത്സ്യഫെഡ്.

---

† അനുബന്ധം X
† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നാളിതുവരെയായി അംഗങ്ങൾക്ക് മൊത്തമായി 78,333 രൂപ പ്രീമിയമായി അടച്ചിട്ടുണ്ട്. ക്ലെയിം തുക ലഭിച്ച ഭരണസമിതി അംഗങ്ങളുടെ വിവരം അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്†.

(ജി) വ്യവസ്ഥയില്ല.

മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് വായ്പ

111 (2390) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടൻ വള്ളങ്ങളും വലയും വാങ്ങുന്നതിന് മത്സ്യഫെഡിൽ നിന്ന് വായ്പയും സബ്സിഡിയും നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ലോണിന്റെ എത്ര ശതമാനമാണ് സബ്സിഡിയായി നൽകുന്നതെന്ന് പറയുമോ ; ഈ വർഷം പ്രസ്തുത ഇനങ്ങളിൽ എന്തുതുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വായ്പ തുകയുടെ 22.5% സബ്സിഡിയായി നൽകുന്നു. ഈ വർഷം നാടൻ വള്ളങ്ങളും വലകളും ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് പത്തുകോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

മത്സ്യഫെഡിന് നൽകുന്ന സാമ്പത്തിക സഹായം

112 (2391) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് മത്സ്യഫെഡിന് സാമ്പത്തിക സഹായം നൽകാറുണ്ടോ ;

(ബി) എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിയാണോ പ്രസ്തുത തുക കൊടുക്കുന്നത് ;

(സി) എങ്കിൽ തുകയുടെ വിനിയോഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ മത്സ്യഫെഡ് ഗവൺമെന്റിന് നൽകാറുണ്ടോ ;

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[9-7-2003-ലെ 110 (2389)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

കെട്ടിടങ്ങൾ

1998-99	1999-2000	2000-01	2001-02	2002-03
11,172 രൂപ	11,172 രൂപ	6,783 രൂപ	7,980 രൂപ	7,980 രൂപ

വാഹനങ്ങൾ

1998-99	1999-2000	2000-01	2001-02	2002-03
1,26,016 രൂപ	1,35,118 രൂപ	1,20,388 രൂപ	83,226 രൂപ	1,39,436 രൂപ

ഡീസൽ ബാങ്ക്

1998-99	1999-2000	2000-01	2001-02	2002-03
1,861 രൂപ	1,861 രൂപ	4,020 രൂപ	4,020 രൂപ	18,141 രൂപ

അനുബന്ധം XI

[9-7-2003-ലെ 110 (2389)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

ഓരോ കമ്പനിയിലേക്കും അടച്ച പ്രീമിയം തുകയുടെ വിവരങ്ങൾ

കമ്പനി	1998-99	1999-2000	2000-01	2001-02	2002-03
ഓറിയന്റൽ ഇൻഷുറൻസ് കമ്പനി	8,989 രൂപ	7,373 രൂപ	7,373 രൂപ	7,217 രൂപ	11,888 രൂപ
യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി	6,320 രൂപ	5,243 രൂപ	4,165 രൂപ	2,830 രൂപ	3,317 രൂപ
ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി	6,664 രൂപ	5,279 രൂപ	5,279 രൂപ	5,279 രൂപ	7,034 രൂപ
നാഷണൽ ഇൻഷുറൻസ് കമ്പനി	1,04,043 രൂപ	1,17,223 രൂപ	1,03,571 രൂപ	67,900 രൂപ	1,17,197 രൂപ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[9-7-2003-ൽ 110 (2389)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

1999-2000

Date	Name of Board Members		Amount
17-11-1999	Shri V. V. Saseendran		5363.00
22-11-1999	Smt. Monica Lazer		1846.00
22-11-1999	Smt. Monica Lazer		2107.00
16-11-1999	Smt. Baby Sasidharan		1404.00
		Total	10720.00

2000-2001

19-4-2000	Smt. Monica Lazer		9246.00
14-8-2000	Shri T. K. Thankappan		9128.00
8-1-2001	Shri V. V. Saseendran		19951.00
20-1-2001	Smt. Baby Sasidharan		6876.00
20-1-2001	Smt. Monica Lazer		8377.00
20-1-2001	Shri K. Sugunan		3927.00
4-3-2001	Shri T. K. Thankappan		3116.00
		Total	60621.00

2001-2002

18-4-2001	Shri T. K. Thankappan		6375.00
6-6-2001	Shri C. P. Kunhiraman		10000.00
14-6-2001	Shri T. K. Thankappan		3518.00
14-9-2001	Shri P. P. Divakaran		5094.00
28-9-2001	Shri C. P. Kunhiraman		8509.00
7-11-2001	Shri T. K. Thankappan		1019.00
		Total	34515.00

LIBRARY ARCHIVES Kerala Legislative Assembly